# കഥ: ഗദ്യത്തിൽ കൊത്തിയ ശില്പം

# (കഥയും കഥന-കഥാവശേഷചിന്തകളും)

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc., Ph.D**)*

(ഭാഗം-2/5)

## എന്താണ് സർഗ്ഗസാഹിത്യം?

ആരംഭത്തിൽത്തന്നെ ഒന്നു പറഞ്ഞുവെക്കട്ടെ: കഥാരൂപത്തിന്റെ പ്രത്യേകതകൾ എന്റെ കാഴ്ചപ്പാടിൽ നോക്കിക്കാണുന്ന ഈ പരമ്പരയിൽ, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയുമ്പോൾ, മലയിലെ പ്രസംഗശൈലി തലകാണിക്കുന്നത് ബോധപൂർവ്വം ഒഴിവാക്കാതിരിക്കുന്നു; മുൻകൂർ ജാമ്യം എടുക്കുന്നു.

ഇന്നുകാണുന്ന എഴുത്തുകളെല്ലാം പാശ്ചാത്യർ പോയട്രി, ഫിക്ഷൻ, നോൺഫിക്ഷൻ എന്നീ മൂന്നു പട്ടികകളിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. പോയട്രിയിലും, ഫിക്ഷനിലും, ചില നോൺഫിക്ഷൻ രൂപങ്ങളിലും സർഗ്ഗാംശം അവശ്യം കണ്ടുവരുന്നു. കഥ, നോവൽ, നാടകം, തിരക്കഥ എന്നിവ ഫിക്ഷന്റെ പരിധിയിലും, ആത്മകഥ, ശാസ്ത്രപ്രബന്ധം, ലേഖനം എന്നിവ നോൺഫിക്ഷന്റെ പരിധിയിലും പെടുന്നു. കവിത അതിനാൽത്തന്നെ ഒരു ജെനുസ്സാകുന്നു.

ഭാവനയുടെ മായാവിലാസമാണ് സർഗ്ഗരചനയുടെ ചൈതന്യം. "അറിഞ്ഞ"തിനെ പാത്രവൽക്കരണത്തിലൂടെ പ്രദർശിപ്പിക്കുന്നു; ഉൾക്കാഴ്ചയോടെ പുതിയ "ഭാഷ"യിൽ അവതരിപ്പിക്കുന്നു; തള്ളലും കൊള്ളലും നടത്തി പുനഃനിർവ്വചിക്കുന്നു; കഥാപാത്രങ്ങൾ കാഥികനറിയാതെ വളർന്ന്, അറിയപ്പെടാത്ത മേച്ചിൽസ്ഥലങ്ങൾ തേടുന്നു; വിവരണകുശലതയിൽ നൂതനപശ്ചാത്തലം അണിയിക്കുന്നു; പുതിയ ദർശനങ്ങൾ മുളപൊട്ടുന്നു; ആലങ്കാരികതയുടെ അനുഭൂതിയിൽ നവമുകുളങ്ങൾ അങ്കുരിക്കുന്നു; കാണാവസന്തത്തിന്റെ മാസ്മരികതയിൽ വായനക്കാരൻ രമിക്കുന്നു.

കടിഞ്ഞാണിടാത്ത (നല്ല അർത്ഥത്തിൽ) ഭാവനയ്ക്കും, അതിരുകളില്ലാത്ത രചനാസമ്പ്രദായത്തിനും, വൈവിദ്ധ്യമുള്ള ഘടനാവിശേഷത്തിനും, തടവുകളില്ലാത്ത ഭാഷാപ്രയോഗത്തിനും സാക്ഷ്യംവഹിക്കുന്നു, സർഗ്ഗരചന. സാഹിത്യമെന്ന് നാം പൊതുവെ അർത്ഥമാക്കുന്നത് സർഗ്ഗസാഹിത്യത്തെയാണ്. മുൻമാതൃകകളെ അതിലംഘിക്കുന്ന, സ്വതന്ത്രചിന്തയെ തളയ്ക്കാൻ അനുവദിക്കാതെ തെളിച്ചപ്പെടുത്തുന്ന ശ്രീകോവിലിലെ വരദാനമാണ് സർഗ്ഗവൈഭവം. ചുരുക്കത്തിൽ, ആത്മാവുള്ള വ്യക്തിനിഷ്ഠത അതിന്റെ മുഖച്ചാർത്താണ്.

ഭാവന, നാം കണ്ടും കേട്ടും അറിഞ്ഞും സ്വായത്തമാക്കിയ വസ്തുതകളുടെ (അ)യുക്തമായ സംയോഗമാണ്. ഒരു പ്രതിമ ചിന്തിക്കുന്നുവെന്ന് വിചാരിക്കുമ്പോൾ

ഭാവന ചലിക്കാൻ തുടങ്ങുന്നു. സർഗ്ഗരചനയുടെ മുഖ്യാംശം ഭാവനയായതുകൊണ്ട് അതിനു അടിവരയിടുന്നെന്നുമാത്രം.

# സർഗ്ഗരചനാതന്ത്രം

സർഗ്ഗക്രിയയെന്നത് പൂർണ്ണനിർവ്വചനത്തിനു ഇനിയും വഴങ്ങിയിട്ടില്ല. *ക്രിയേറ്റീവ് റൈറ്റിങ് ക്ലാസ്സുകൾ സർഗ്ഗശക്തി ഉള്ളിലുറങ്ങുന്നവരെ കർമ്മോന്മുഖരാക്കുന്ന ഉണർത്തുപാട്ടു മാത്രമാണ്*. പാടാത്ത "വീണ"യെങ്കിൽ മാത്രമല്ലേ പാടിക്കാനൊക്കൂ! പ്രശസ്തരായ എഴുത്തുക്കാർക്കുപോലും അജ്ഞാതമാണ് സർഗ്ഗാത്മകതയുടെ ഉറവിടം. വ്ളാഡ്മിർ നബാക്കോഫിനെ ഹാർവേഡിലെ സർഗ്ഗരചനാ പ്രൊഫസ്സറായി നിയമിക്കാൻ നിർദ്ദേശം വന്നപ്പോൾ, പ്രശസ്ത ഭാഷാശാസ്ത്രജ്ഞൻ റോമൺ ജേക്കബ്സൺ പറഞ്ഞത്രെ: "ആനയെ ജന്തുശാസ്ത്ര അദ്ധ്യാപകനാക്കുകയോ?" അറിഞ്ഞിട്ടു വേണ്ടേ അറിവു പകരാൻ എന്നു ധ്വനി! പലപ്പോഴും, എന്താണ് സർഗ്ഗാത്മകത എന്നു പറയുന്നതിലും എളുപ്പം, ഇന്നതല്ല, ഇന്നതല്ല അതെന്ന് *നേതി, നേതി* എന്നപോലെ തിരിച്ചറിയുന്നതാണ്. പല കൃതികളും വായിക്കുമ്പോൾ, അറിയാതെത്തന്നെ നാം ഈ അളവുകോൽ ഉപയോഗിക്കുന്നു.

സർഗ്ഗരചനാക്ലാസ്സുകൾ എങ്ങിനെ സർഗ്ഗാത്മകത വളർത്തി രചനകൾ ഉണ്ടാക്കാമെന്ന് പ്രവചിക്കുമ്പോൾ (പഠിപ്പിക്കുകയല്ല!), സാധാരണ ലിറ്ററേച്ചർ ക്ലാസ്സുകൾ സാഹിത്യകൃതികൾ വായിക്കാനും മനസ്സിലാക്കാനും പഠിക്കാനും സഹായിക്കുന്നു. അതുകൊണ്ടായാരിക്കാം, ലിറ്ററേച്ചറിൽ ബിരുദാനന്തരബിരുദം നേടിയവർപോലും നല്ല സർഗ്ഗസാഹിത്യകാരരായി വിളങ്ങണമെന്നില്ല എന്നു നാം അറിയുന്നത്. എന്നാൽ, ഇവരിൽ പലരും, വിശകലനനൈപുണ്യവും പഠനതീക്ഷ്ണതയും ആവശ്യപ്പെടുന്ന സാഹിത്യനിരൂപകശാഖയിൽ ശോഭിക്കാറുണ്ട്.

നോൺഫിക്ഷന്റെ തട്ടകത്തിൽ നാം ദിവസവും വായിക്കുന്നത് പത്രവാർത്തകളും ലേഖനങ്ങളും വാർത്താക്കഥകളുമാണ്. ഇവ സർഗ്ഗസാഹിത്യത്തിന്റെ പരിധിയിൽ വരാത്തതിനു പ്രധാന കാരണം, കാര്യമാത്രപ്രസക്തതയ്ക്കു മുൻത്തൂക്കം കൊടുക്കുന്നവയാണ് ഈ രൂപങ്ങളെന്നതാണ്. ഒരു വാർത്തയിൽ പത്രക്കാരൻ അന്വേഷിക്കുന്നതും വായനക്കാരൻ ചോദിക്കുന്നതും അതിലെ ആർ, എന്ത്, എവിടെ, എപ്പോൾ, എന്തുകൊണ്ട് എന്നീ ഘടകങ്ങളാണ്. ഇതിൽ ഏതെങ്കിലുമൊരു ചേരുവ ഇല്ലെങ്കിൽ പത്രവായന മുഷിയും. ഏറ്റവും സത്യസന്ധത പുലർത്തേണ്ട മേഖലയാണ് പത്രപ്രവർത്തനം. നാം പങ്കെടുത്ത ഒരു യോഗവിശേഷം വാർത്തയായി വായിക്കുമ്പോൾ, വളച്ചൊടിക്കലിന്റെ വൈകൃതം കണ്ടാൽ നാം അസ്വസ്ഥരാകും. കാരണം, *ഇന്നത്തെ പത്രവാർത്തയാണ് നാളത്തെ ചരിത്രപാഠമാകുന്നത്*. ഇവിടേയും ആത്മകഥ, ഓർമ്മക്കുറിപ്പ് എന്നീ രൂപങ്ങളിലെന്നപോലെ, വസ്തുനിഷ്ഠത ബലികഴിക്കാതെത്തന്നെ സർഗ്ഗചൈതന്യം നിലനിറുത്തുന്നവരുമുണ്ട്.

വാർത്താലേഖനങ്ങളുടെ എല്ലാ ഘടകങ്ങളും ശാസ്ത്രലേഖനങ്ങളിലും കാണാമെങ്കിലും, അവയുടെ മുഖ്യഭാവം പരീക്ഷണനിരീക്ഷണങ്ങളുടെ വ്യാഖ്യാനങ്ങളിലും ശാസ്ത്രീയമായ പ്രവചനങ്ങളിലും കുടികൊള്ളുന്നു.

വസ്തുനിഷ്ഠതയ്ക്കു ഊന്നൽ  കൊടുക്കാനാണ്, ആഖ്യ, പ്രഥമ(ഉത്തമ)- മദ്ധ്യമ-പുരുഷസർവ്വനാമങ്ങളായി കഴിയാവുന്നതും ഉപയോഗിക്കരുതെന്ന് പണ്ഡിതോചിത ശാസ്ത്രജേണലുകൾ നിഷ്ക്കർഷിക്കുന്നത്.  അതായത്, ഞാനും ഞങ്ങളും, നീയും നിങ്ങളും അത്തരം ലേഖനങ്ങളിൽ കടന്നുവരുന്നത് പ്രോത്സാഹിപ്പിക്കാറില്ല. സർഗ്ഗരചനയിൽ തല്പരരായ ശാസ്ത്രജ്ഞർക്ക്, ശാസ്ത്രപ്രബന്ധം രചിക്കേണ്ടി വരുന്ന ആദ്യകാലങ്ങളിൽ, ശാസ്ത്രരചന കൃത്രിമമെന്നു തോന്നാറുണ്ട്. എന്നാൽ "ഞാനി"ല്ലാത്ത "ആത്മ"കഥ എഴുതുന്നത് എന്തിനെന്ന് എനിക്കു മനസ്സിലാകാറുമില്ല.

ക്രിയേറ്റീവ് റൈറ്റിങ്ങിനു ഉത്തമോദാഹരണമായ കവിതാശാഖ, അതിനാൽത്തന്നെ വേറിട്ടൊരു വർഗ്ഗമാണെന്ന് പറഞ്ഞല്ലോ. കവിതാക്കളരികൾ ഒറ്റയ്ക്കു നടത്തുന്നതിനുള്ള കാരണവും അതുതന്നെ!

## എന്താണ് കഥ?

കഥയുടെ നിർവ്വചനം വാക്കിൽ ഒതുങ്ങില്ല. ആധുനികാർത്ഥത്തിൽ, ആദ്യം വികസിച്ച നോവൽസാഹിത്യത്തിന്റെ മുളയായി കണക്കാക്കിയ കഥയെ, ചെറുനോവലെന്നും, കവിതപോലെ കൃശഗാത്രയായ സുന്ദരിയെന്നും, വൻസാഗരത്തിൽ ചെന്നലയുന്ന കുഞ്ഞരുവിയെന്നും, സംഗീതകൃതിയിലെ ശില്പസൗന്ദര്യം ആവാഹിക്കുന്ന സംഗതിയെന്നും, ജീവിതഗ്രന്ഥത്തിലെ തുറന്ന ഒരേടെന്നും, ഭൂതക്കണ്ണാടിയിൽ വിപുലീകരിക്കപ്പെട്ട സൂക്ഷ്മാംശമെന്നും മുമ്പേ ഗമിച്ചവർക്കും നമുക്കും തോന്നിയിട്ടുണ്ട്.

ആദ്യമദ്ധ്യാന്തങ്ങളുള്ള—തലയും ഉടലും വാലുമുള്ള—ഒരു ഉൽക്കൃഷ്ടജീവിയായി കഥയയെ വിശേഷിപ്പിച്ചവരുണ്ട്:  പ്രമേയത്തിലെ പുതുമ; അവതരണത്തിലെ വ്യത്യസ്തത; താല്പര്യമുണർത്തുന്ന/ഉണർത്തേണ്ട ആദ്യവരികളിലെ ആർപ്പുവിളി; പറയാതെപ്പറയുന്ന അന്തിമസന്ദേശക്കൈമാറ്റത്തിന്റെ ആജ്ഞാശക്തി; തൽസ്വരൂപ വ്യക്തിമുദ്ര—എല്ലാം കഥയുടെ പ്രത്യേകതകൾത്തന്നെ. വിവരണരീതിയും സങ്കേതവും കുശലതയും എന്തുമാവാം; വിശദീകരണ നടപ്പാതകൾ ഏതുമാവാം; വിവൃതസംഭവങ്ങൾ എങ്ങിനെയുമാവാം—നീണ്ടുനിൽക്കുന്ന ആയുഷ്ക്കാല സ്മൃതിപ്രതീതി തങ്ങിനിൽക്കണമെന്നുമാത്രം! ലക്ഷണവും ലക്ഷ്യവും സ്ഥനകാലമനുസരിച്ച് രൂപാന്തരപ്പെടും. ഉടലും ഉയിരും, നിശബ്ദ അന്തർധാരയും, പരുക്കനോ മൃദുലമോ ആയ പശ്ചാത്തലത്തിൽ, മത്സരിച്ചും തർക്കിച്ചും, അമൂർത്ത-മൂർത്ത ഭാവതലസമ്മിശ്രമായി കഥ വളരുന്നു.

## ചരിത്രം നീട്ടിയെഴുതാതെ

ജീവിതവ്യവഹാരഭാഷയായ ഗദ്യം, പദ്യത്തെ വെല്ലി ഉൽക്കൃഷ്ടസാഹിത്യമായി വളർന്നത് ലേഖനശാഖയിലൂടെയായിരുന്നു. പുരാണവും പഞ്ചതന്ത്രവും ഈസോപ്പും, സാരോപദേശക്കഥകളായി ജീവിതദർശനങ്ങളേയും മൂല്യങ്ങളേയും നമുക്ക് പണ്ടേ നിർവ്വചിച്ചുതന്നു—ഗ്രീസിലും ഈജിപ്തിലും ഭാരതത്തിലും അറബിരാജ്യങ്ങളിലുമുള്ള

പൗരാണികസാഹിത്യം, കഥകൾ കോർത്ത് ഉരുത്തിരിഞ്ഞതായിരുന്നു. നോവൽ, കഥ എന്നിവയുടെ വരവ് ഗദ്യസാഹിത്യത്തിനു ആക്കംകൂട്ടി.

വാമൊഴിയിൽനിന്ന് വരമൊഴിയിലേക്ക് വളർന്ന ഭാഷ; മണ്ണിലും മണലിലും, തോലിലും ചെമ്പിലും, സ്ലേറ്റിലും കടലാസ്സിലും നാദലേഖനമായി മാറിയ ഭാഷ; ഈണമുള്ള പദ്യത്തിൽനിന്ന് ദ്രുതതാളത്തോടെ, ഇടവപ്പാതിപ്പോലെ കോരിച്ചൊരിഞ്ഞ ഗദ്യഭാഷ. ഭാഷാഗദ്യം പ്രധാനമായും ആദ്യകാലങ്ങളിൽ വളർന്നത് സി. പി. അച്യുതമേനോന്റെ "വിദ്യാവിനോദിനി"യിലൂടേയും, കണ്ടത്തിൽ കുടുംബത്തിന്റെ "ഭാഷാപോഷിണി"യിലൂടേയും ആയിരുന്നു.

കഥാശകലങ്ങൾ ഏതു സാഹിത്യരൂപത്തിലും കണ്ടേക്കാം—മതഗ്രന്ഥങ്ങളിലും, പഴയ ആഖ്യാനകവിതകളിലും, നാടകങ്ങളിലെ ഉപകഥകളിലും. എന്നാൽ, നാം ഇവിടെ വ്യവഹരിക്കുന്ന കഥാസാഹിത്യം, ആധുനികാർത്ഥത്തിലുള്ള, 18–ാം നൂറ്റാണ്ടോടെ വികസിച്ച, സാങ്കേതികാർത്ഥത്തിലുള്ള ശാഖയാണ്. വാൾട്ടർ സ്കോട്ടും, തോമസ്സ് ഹാർഡിയും, ജോർജ് എലിയട്ടും, ഓസ്കർ വൈൽഡും, ഹേവ്തോണും, ഫ്ളുബെയറും, മോപ്പ്സോവും, ചെക്കോഫും, ബോൽസാക്കും, പുഷ്കിനും മറ്റും ലക്ഷണമൊത്ത കഥകൾ രചിച്ച ആദ്യകാല പ്രശസ്തരാണ്. ആധുനികഘട്ടം എത്തിയപ്പോഴേക്കും, ചരിത്രത്തിലും ശാസ്ത്രത്തിലും വന്ന മാറ്റമുൾക്കൊണ്ട് വിചിത്രമായ രൂപഭാവഘടനകൾ സമ്മേളിച്ച കഥാസാഹിത്യം, സമീപക്കാഴ്ച.

മലയാളത്തിലും, 19–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, കവിതക്കുളത്തിൽ പ്രൗഢലേഖനങ്ങൾ നീന്തിക്കളിച്ചിരുന്ന അച്ചടിക്കളത്തിൽ കഥകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. യോഗപരിപാടികൾക്കിടയിൽ പാട്ടും ഡാൻസും തിരുകുന്നപോലെ, വായനക്കാരനു ശ്വാസം വിടാൻ അവസരം ഒരുക്കി, ഹാസ്യപ്രധാനമായ "കഥാഖണ്ഡ"ങ്ങൾ കഠിന വിഷയങ്ങൾക്കിടയിൽ വിശ്രമത്താവളമായി. മലയാള കഥാസാഹിത്യത്തെക്കുറിച്ച് ഗൗരവപഠനം നടത്തിയ ഡോ. കെ. എസ്. രവികുമാർ, എം. പി. പോൾ തന്റെ കഥാസാഹിത്യഗ്രന്ഥത്തിന്റെ ആദ്യപ്പതിപ്പിനു "ഖണ്ഡകഥാപ്രസ്ഥാന"മെന്നു പേരിട്ടത്, പരിഷ്ക്കരിച്ച പതിപ്പിൽ "ചെറുകഥാപ്രസ്ഥാന"മെന്നു തിരുത്തിയതിനെ പുരാവൃത്തമായി ഉദാത്തവൽക്കരിക്കുന്നുണ്ട്.

പിന്നീട്, ഭാഷാസാഹിത്യത്തിലെ പ്രബലശാഖയായി മാറിയ കഥാസാഹിത്യം സമീപകാല ചരിത്രമായതിനാൽ വിസ്തരിക്കുന്നില്ല. ഹാസ്യഭാവം വെടിഞ്ഞ് കാല്പനികതയിലൂടെ ചിറകുവെച്ച കഥാമുഖം, പാശ്ചാത്യ സാഹിത്യമാതൃകകളെ സ്വാംശീകരിച്ചും, അനുകരിച്ചും, ശാസ്ത്ര-ദർശന കൺപോളകൾ തുറന്ന് മേജിക്കൽ റിയലിസം വരെ നോക്കിക്കണ്ടു. പല എഴുത്തുകാരുടെയും വളർച്ച, കവിത→കഥ→നോവൽ→ലേഖനം എന്ന ശ്രേണിയിലൂടെ പരിണമിച്ചു. ഭാവനയെന്ന ക്വാണ്ടം പൾസ് തലച്ചോറ് ചുരത്താൻ മടിക്കുന്ന അവസരങ്ങളിൽ, നോൺഫിക്ഷൻ രീതി ഇടത്താവളമാക്കി പ്രമുഖ ഫിക്ഷൻകാർ—വിജയനും, സക്കറിയയും

നാരായണപിള്ളയും, സി. രാധാകൃഷ്ണനും മറ്റും—ലേഖനമെഴുത്ത് ശീലമാക്കിയ ഇടവേളകളുണ്ടായിരുന്നു.

മലയാളത്തിലെ എക്കാലത്തേയും മൗലിക കഥാരചയീതാക്കളായ, പുതിയ ഭാഷ സൃഷ്ടിച്ച, വി. കെ. എന്നും, ബഷീറും, വിജയനും, "വാസനാവികൃതി"യിൽനിന്നും കഥാസാഹിത്യം എത്ര വളർന്നുവെന്ന് അറിയിക്കുന്നു. പല ദശാബ്ദങ്ങളിലായി കഥാസാഹിത്യത്തിന്റെ നാഴികക്കല്ലുകളായി വിലസിയ തകഴിയും, ദേവും, കാരൂരും, വർക്കിയും, എം. ടി.യും, പത്മനാഭനും, പുനത്തിലും തുടങ്ങിയ എഴുത്തുകാരുടെ നിര പരാമർശിച്ച് ഈ ഖണ്ഡത്തെ ഒരു കാറ്റലോഗാക്കി മാറ്റുന്നില്ല. ആധുനിക ഘട്ടത്തിൽ, ഏവരും ഏറ്റുപാടുന്ന എൻ. എസ്സ്. മാധവൻ വരെയുള്ളവർ നമ്മുടെ ഹ്രസ്വ ഓർമ്മതലത്തിൽ മുഴങ്ങുന്നതുകൊണ്ട്, അവരുടെ ശക്തമായ കൂട്ടത്തിലെ പ്രിയപ്പെട്ടവരെ തിരഞ്ഞെടുക്കാൻ വായനക്കാരനു അവസരം കൊടുക്കുന്നു.

(അടുത്ത ഭാഗം – കഥ ഒഴുകുന്ന വഴികൾ)

*******************************************************************************************